# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.5704** **03.11.2016-ൽ മറുപടിയ്ക്ക്**

## ചലച്ചിത്രമേളകൾ

**ചോദ്യം**

ശ്രീ.അടൂർ പ്രകാശ്
ശ്രീ.ഹൈബി ഈഡൻ
ശ്രീ.എം.വിൻസെന്റ്

**ഉത്തരം**

ശ്രീ.എ.കെ.ബാലൻ
(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ മന്ത്രി)

(എ) സംസ്ഥാനത്ത് ചലച്ചിത്രമേളകൾ നടത്താൻ എന്തെല്ലാം പരിപാടികളാണ് ആസൂത്രണം ചെയ്തിട്ടുള്ളത്;

(എ) 21-ാമത് അന്താരാഷ്ട്ര ചലച്ചിത്രമേള 2016 ഡിസംബർ 9 മുതൽ 16 വരെ തിരുവനന്തപുരത്ത് വച്ച് സംഘടിപ്പിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. ടി ചലച്ചിത്രമേളയുടെ പ്രാഥമിക ഒരുക്കങ്ങൾ പുരോഗമിക്കുന്നു. ഇതിനായി വിപുലമായ സ്വാഗതസംഘം രൂപീകരിച്ചു. മേളയുടെ വിവിധ വിഭാഗത്തിലായി പ്രദർശിപ്പിക്കാനുള്ള ചിത്രങ്ങൾ തീരുമാനിച്ചു. മേളയ്ക്ക് സിഗ്നേച്ചർ ഫിലിം, ഡിസൈൻ, കാറ്റലോഗ്, തീയേറ്ററുകൾ എന്നിവ സംബന്ധിച്ച തീരുമാനങ്ങൾ കൈക്കൊണ്ടു. ഐ.എഫ്.എഫ്.കെയുമായി ബന്ധപ്പെട്ട ക്വട്ടേഷൻ/ടെൻഡർ നടപടി ക്രമങ്ങൾ നടന്നുവരുന്നു. സിനിമയുമായി ബന്ധപ്പെട്ട ഫിലിം റെന്റൽ ഫീ നൽകി വരുന്നു. സബ്കമ്മിറ്റികളുടെ രൂപീകരണം നടന്നു വരുന്നു. ഐ.എഫ്.എഫ്.കെയുമായി ബന്ധപ്പെട്ട് സഞ്ചരിക്കുന്ന സിനിമാ പ്രദർശന വിളംബരം നവംബർ 1 മുതൽ 30 വരെ കാസർഗോഡു മുതൽ തിരുവനന്തപുരം വരെ, അക്കാദമി ടൂറിംഗ് ടാക്കീസ് വഴി നടത്താൻ തീരുമാനിച്ചു.

| | |
|---|---|
| (ബി) ഇതിനായി ഒരു സ്ഥിരം വേദി നിർമ്മിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) ഫിലിം ഫെസ്റ്റിവലിന് ഒരു സ്ഥിരം വേദി നിർമ്മിക്കുന്ന കാര്യം പരിഗണനയിലാണ്. ചിത്രാഞ്ജലി സ്റ്റുഡിയോ പരിസരത്ത് നിന്നും കേരള ചലച്ചിത്ര വികസന കോർപ്പറേഷൻ വക 10 ഏക്കർ മുതൽ 15 ഏക്കർ വരെ സ്ഥലം നൽകി ചലച്ചിത്ര അക്കാദമിക്ക് ഫിലിം കോംപ്ലക്സ് നിർമ്മിക്കുവാൻ ധാരണയായിട്ടുണ്ട്.<br>ഫെസ്റ്റിവൽ കോംപ്ലക്സിന്റെ ഭാഗമായി,<br>2500 പേർക്ക് ഇരിക്കാവുന്ന ഒരു കൺവെൻഷൻ സെന്റർ, 1000 പേർക്ക് ഇരിക്കാവുന്ന ഒരു തീയേറ്റർ, 100 നും 800 നും ഇടയ്ക്ക് ഇരിക്കുവാൻ സൗകര്യമുള്ള എട്ടോളം തീയേറ്ററുകൾ, ചലച്ചിത്ര അക്കാദമിക്ക് ഓഫീസ് കെട്ടിടം, ഒരു ഓപ്പൺ തീയേറ്റർ, ലൈബ്രറി, ആർക്കൈവ്സ്, റിസർച്ച് സെന്റർ, മീഡിയ, സെമിനാർ മുറികൾ, സിനിമാ ആസ്വാദകർക്ക് താമസിക്കുവാനുള്ള സൗകര്യങ്ങൾ, ഫിലിം മ്യൂസിയം എന്നിവ നിർമ്മിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. |
| (സി) ഇതിന് എത്ര തുക ചെലവാകുമെന്ന് കണക്കാക്കിയിട്ടുണ്ടോ ? | (സി) സർക്കാരിന്റെ പുതുക്കിയ ബഡ്ജറ്റ് 2016-17-ൽ ഫിലിം ഫെസ്റ്റിവലിന് സ്ഥിരം വേദി നിർമ്മിക്കുന്നതിന് 50 കോടി രൂപ പ്രത്യേക നിക്ഷേപ പദ്ധതിയിൽ നിന്ന് പ്രഖ്യാപിച്ചിട്ടുണ്ട്. കൂടാതെ KIIFB മുഖേന അധിക തുക കണ്ടെത്തി ആകെ 100 കോടി രൂപയുടെ പദ്ധതിയാണ് ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ